## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8011 — 24.07.2012 ൽ മറുപടിയ്ക്ക്

### കാസറഗോഡ് - മംഗലാപുരം റൂട്ടിൽ വിദ്യാർത്ഥികൾക്ക് സ്വകാര്യബസ്സുകളിലും യാത്രാ സൗജന്യം

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) കാസറഗോഡ് - മംഗലാപുരം റൂട്ടിൽ വിദ്യാർത്ഥികൾക്ക് കെ. എസ്. ആർ. ടി. സി.യിലും സ്വകാര്യ ബസ്സുകളിലും യാത്രാ സൗജന്യം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;<br>(സി) ഈ റൂട്ടിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ, ബി & സി) | കാസറഗോഡ് - മംഗലാപുരം റൂട്ടിൽ കേരള അതിർത്തി വരെ വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസ്സുകൾ യാത്രാ സൗജന്യം അനുവദിക്കുന്നുണ്ട്. ടി റൂട്ടിൽ കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ മാത്രമാണ് നടത്തിവരുന്നത്. അന്തർ സംസ്ഥാന സർവ്വീസുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് ഉപയോഗിച്ചുള്ള യാത്ര അനുവദിക്കുന്നില്ല. എന്നാൽ ഈ റൂട്ടിൽ 20 ദിവസത്തെ ടിക്കറ്റ് നിരക്കിൽ ഒരു മാസം യാത്ര ചെയ്യുവാൻ കഴിയുന്ന രീതിയിൽ സീസൺ ടിക്കറ്റ് സമ്പ്രദായം കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾ അത് പ്രയോജനപ്പെടുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ